സിനിമയെ വ്യവസായമായി അംഗീകരിക്കുന്ന നടപടി

161 (922) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ സിനിമയെ വ്യവസായമായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സിനിമാ വ്യവസായത്തിന് ഇതുമൂലം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവുകളുടെ കോപ്പികൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

ജവഹർ ബാലഭവൻ ജീവനക്കാരുടെ വേതനം പരിഷ്ക്കരണം

162 (923) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജവഹർ ബാലഭവൻ ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി സർക്കാർ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത് ; റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

(സി) ശമ്പള വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ജവഹർ ബാലഭവനുകളിലേയും ജീവനക്കാർ അനിശ്ചിതകാല പണിമുടക്കു നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ സമരം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തൃശൂർ ജവഹർ ബാലഭവന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ കൂടുതൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) വേതനം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. കമ്മിഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) 2000 ഫെബ്രുവരി മാസം റിപ്പോർട്ടു സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളു.

(സി) പണിമുടക്കു നടത്താൻ തീരുമാനിച്ചിട്ടുള്ളതായി അറിയില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly